K22U 1225

Reg. No. : ..............................

Name : ..................................

**II Semester B.A. Degree (C.B.C.S.S. – O.B.E. – Regular/Supplementary/ Improvement) Examination, April 2022**
**(2019 Admission Onwards)**
**CORE COURSE IN MALAYALAM**
**2B02 MAL : ചെറുകഥാസാഹിത്യം**

Time : 3 Hours Max. Marks : 40

**300** വാക്കിൽ കവിയാതെ **2** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **7** മാർക്ക് വീതം.

1. ഭാഷയിലും ആവിഷ്കരണത്തിലും ആദ്യകാല മലയാള കഥകൾ പ്രകടമാക്കിയ സവിശേഷതകൾ വിശദമാക്കുക.
2. അന്യവൽക്കരണവും, ഗൃഹാതുരത്വവുമാണ് പത്മനാഭൻ കഥകളെ വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ – 'നളിനകാന്തി'യെ അടിസ്ഥാനമാക്കി പരിശോധിക്കുക.
3. മന:പോരാട്ടങ്ങളും, അഭിനയങ്ങളുമാണ് കുടുംബ ജീവിതത്തിൽ മുന്നിട്ടു നിൽക്കുന്ന യഥാർത്ഥ്യങ്ങൾ – 'വാരാന്ത്യങ്ങൾ' എന്ന കഥയെ അടിസ്ഥാനമാക്കി നിരൂപിക്കുക.
4. വിവരസാങ്കേതികവിദ്യ മനുഷ്യനെ കീഴ്പ്പെടുത്തുന്നതിലുള്ള നിസ്സഹായതയാണ് 'ഓർമ്മച്ചിപ്പ്' എന്ന കഥ പങ്കുവെക്കുന്നത് – ചർച്ച ചെയ്യുക.

**150** വാക്കിൽ കവിയാതെ **4** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **3** മാർക്ക് വീതം.

5. 'എന്റെ ആദ്യയാത്ര' എന്ന കഥയിൽ കഥാനായകൻ കബളിപ്പിക്കപ്പെടുന്നതെങ്ങനെ എന്ന് വിശദമാക്കുക.
6. 'മരണപത്രക്കേസ്' വിധിപറഞ്ഞപ്പോൾ വലിയ ആശ്ചര്യം ഉണ്ടാവാൻ കാരണമെന്ത് ?
7. 'ദയകൊണ്ട് കഷ്ടപ്പെടുന്നവരും ഈ ലോകത്ത് കുറച്ച് ഉണ്ട്' – ഗോപാലൻ നായരുടെ താടി എന്ന കഥയിൽ ഇതെങ്ങനെ വിശദമാക്കപ്പെടുന്നു ?

P.T.O.



8. സ്ത്രീ ജീവിതത്തിന്റെ സൂക്ഷ്മതലങ്ങളെ ഭാവാത്മകമായി അവതരിപ്പിക്കുന്ന കഥയാണ് 'പരാജിത' – പരിശോധിക്കുക.
9. ഭ്രമാത്മക കല്പനയുടെ അത്ഭുതലോകമാണ് 'ഒരു തോണിയുടെ ആത്മകഥയിൽ നിന്ന്' – ഉപന്യസിക്കുക.
10. സമകാലിക ജീവിതാവസ്ഥയിൽ സ്ത്രീകൾ നേരിടേണ്ടിവരുന്ന പ്രതിസന്ധികളാണ് 'ഒരു വായനശാലാ വിപ്ലവം' – പരിശോധിക്കുക.

**100** വാക്കിൽ കവിയാതെ **4** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **2** മാർക്ക് വീതം.

11. കുറുപ്പ് കോപ്പനെ കുറ്റവിമുക്തനാക്കുന്നതെങ്ങനെ ?
12. പ്രഭാകരൻ എങ്ങിനെയാണ് ശ്രീദേവിയെ സഹായിച്ചത് ?
13. ഇ. സന്തോഷ് കുമാറിന്റെ കഥയുടെ സമകാലിക പ്രസക്തിയെന്ത് ?
14. ഗ്രാമീണഭാവങ്ങളെ നർമ്മമധുരമായി അവതരിപ്പിക്കാനുള്ള വി. കെ. എന്നിന്റെ കഴിവ് ചുരുക്കി വിവരിക്കുക.
15. മനുഷ്യന്റെ അടങ്ങാത്ത ആത്മാന്വേഷണമാണ് 'കണ്ണാടി കാൺമോളവും' എന്ന കഥ – പരിചയപ്പെടുത്തുക.
16. ജോണിക്കുട്ടിയുടെ ഒരു ദിവസം കെ. വി. സുധാകരൻ ചിത്രീകരിക്കുന്നതെങ്ങിനെ ?

**4** ചോദ്യങ്ങൾക്ക് കുറിപ്പുകൾ തയ്യാറാക്കുക. **1½** മാർക്ക് വീതം.

17. വയസ്സുകാലത്ത് തോന്നിയ വിഡ്ഢിത്തമെന്നേയുള്ളൂ – ആരാണിങ്ങനെ പറയുന്നത് ?
18. കഥാകൃത്ത് എന്തിനാണ് കൊളമ്പിലേക്ക് പോകുന്നത് ?
19. 'നളിനകാന്തി' എന്ന കഥാനാമത്തിന്റെ ഔചിത്യമെന്ത് ?
20. 'എന്നാൽ ഒരെരുമക്കാരനല്ലേ ഭേദം' – ബാലചന്ദ്രൻ ഇങ്ങനെ പറയുന്നതെന്തുകൊണ്ട് ?
21. കുഞ്ഞാടും തൊട്ടപ്പനും തമ്മിലുള്ള ആത്മബന്ധത്തിന്റെ കാരണം എന്ത് ?
22. അമ്മയുടെ മെമ്മറി ഫയലുകൾ ആക്സസ് ചെയ്യാൻ ഹരിക്ക് എന്തൊക്കെയാണ് ഉപകാരപ്പെട്ടത് ?

______________